ഉത്തരം

(എ&ബി) അട്ടപ്പാടിയിൽ ആദിവാസികളുടെ ഭൂമി കാറ്റാടി കമ്പനിക്കാർക്ക് വേണ്ടി തട്ടിയെടുത്തത് സംബന്ധിച്ച് പാലക്കാട് ജില്ലയിൽ 4 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആദിവാസി ഭൂമി തട്ടിപ്പ് കേസിൽ സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുള്ളതായി അറിവായിട്ടുണ്ട്. എന്നാൽ രാഷ്ട്രീയ കക്ഷികൾ ഉൾപ്പെട്ടതായി അറിവായിട്ടില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട കേസന്വേഷണത്തിൽ വീഴ്ചകൾ എന്തെങ്കിലും സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

ഇരുചക്രവാഹന യാത്രക്കാരോടുള്ള പോലീസിന്റെ സമീപനം

139 (4474) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹന പരിശോധനയുടെ പേരിൽ ഇരുചക്രവാഹനങ്ങളെ പോലീസ് പിന്തുടരുന്നതും അവഹേളിക്കുന്നതുമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹെൽമെറ്റ് ധരിക്കാത്തതിന് ഫൈൻ ഈടാക്കുന്നതിനു പകരം, ഇരുചക്രവാഹനങ്ങളെ വഴിയിൽ തടഞ്ഞ് വലിയ വകുപ്പുകൾ ചേർത്ത് കേസുകൾ ചാർജ്ജുചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ജനങ്ങളെ എല്ലാവരെയും കുറ്റവാളികളായി കാണുന്ന ഇത്തരം രീതികൾ ഒഴിവാക്കുന്നതിനും അതിനെ പ്രോത്സാഹിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ കർശനമായി വിലക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാരായ പോലീസ് ഉദ്യോസ്ഥർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly